



# e ഞങ്ങൾ

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## ജി.വി.എച്ച്.എസ്.എസ്.താമരശ്ശേരി



# e-ഞങ്ങൾ

## ഡിജിറ്റൽ മാഗസിൻ

# ലിറ്റിൽ കൈറ്റ്സ്

## ജി വി എച്ച് എസ് എസ്

## താമരശ്ശേരി



## ഉള്ളടക്കം

പുതിയ പുലരിയും കാത്ത്........8
റസാഖ് മലോറം........8
വിജയോൽസവം(വിജയം 2019)........10
കെ വി അബ്ദുൽ മജീദ്........10
പെണ്ണ്........14
അഞ്ജനാ മോഹൻ 9 എ........14
നവ കേരള സൃഷ്ടി- എൻറെ ഭാവനയിൽ........16
ആദിത്യ 10 ബി........16
ഒരൊറ്റ ജനത........17
അബിന ബി എസ് 9 എ........17
കവിത........19
സി പി എസ്........19
കണ്ണീർ മഴ........20
അഞ്ജന മോഹൻ........20
മഴ വർണങ്ങൾ........22
ഫാത്തിമ നിയ 7 എ........22
വിധിയുടെ വിളയാട്ടങ്ങൽ........23
ഫിന ഫാത്തിമ വി കെ (9 A)........23
വിഷാദമീ മനസ്സ്........24
വിസ്മയ സുരേഷ് (8C)........24
പുനർ ജന്മം........25
സുമിത ശിവാനന്ദൻ........25

# ആശംസ



ജി വി എച്ച് എസ് എസ്  താമരശ്ശേരിയുടെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ **e-ഞങ്ങൾ** സ്ക്രീനിൽ തെളിയുകയായി. നൂതന സാങ്കേതിക വിദ്യയിൽ വിദ്യാർഥികളുടെ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നതിനായി പഠനാനുബന്ധ പരിശീലനത്തിലൂടെ ലിറിറിൽ കൈറ്റ്സ് അംഗങ്ങൾ രൂപപ്പെടുത്തിയതാണ് ഈ മാഗസിൻ. ഇതിൻെറ പിന്നിലെ എല്ലാവിധ പരിശ്രമങ്ങൾക്കും എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

ഉഷ പഴവീട്ടിൽ
ഹെഡ്മിസ്ട്രസ്

# ആശംസ




**താമരശ്ശേരി ജി വി എച്ച് എസ് എസ് പ്രസിദ്ധീകരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ e-ഞങ്ങൾ സ്കൂളിന്റെ അഭിമാനമായി മാറുകയാണ്. പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ലിററിൽ കൈറ്റ്സ് അംഗങ്ങൾ രൂപപ്പെടുത്തിയതാണ് ഈ മാഗസിൻ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.**

**സുൽഫി കാരാടി**

**പി.ടി.എ പ്രസിഡണ്ട്**

# എഡിറ്റോറിയൽ ബോർഡ്



കെ.വി.അബ്ദുൽ മജീദ്
ചീഫ് എഡിറ്റർ



മഹർഷ് ലാൽ
സ്റ്റുഡൻറ് എഡിറ്റർ



റാനിയ
സ്റ്റുഡൻറ് എഡിറ്റർ



സുമിത ശിവാനന്ദൻ
എഡിറ്റർ



റസാഖ് മലോറം
എഡിറ്റർ



ശോഭന സി പി
എഡിറ്റർ



നിമിഷ എൻ
കൈറ്റ് മിസ്ട്രസ്



താമരശ്ശേരി വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ
പ്രസിദ്ധീകരിക്കുന്ന ആദ്യ സംരംഭമാണ്

e -ഞങ്ങൾ

എന്ന ഡിജിറ്റൽ മാഗസിൻ.
സ്കൂളിലെ ഐ ടി ക്ലബ്ബായ
ലിറ്റിൽ കൈറ്റ്സിൻെറ
ആദ്യ സംരംഭവും കൂടിയാണിത്.
വിദ്യാർത്ഥികളുടേയും അദ്യാപകരുടേയും
സർഗ്ഗ സൃഷ്ടികൾ കൊണ്ട്
സമ്പന്നമാണിത്.
വര, എഴുത്ത്, വർത്തമാനം-
എല്ലാമുണ്ടിതിൽ.
പ്രഥമ സംരംഭം എന്ന നിലക്ക്
ചില പോരായ്മകളൊക്കെ
ഉണ്ടായേക്കാം.
പൊറുക്കുമല്ലോ.
എല്ലാവർക്കുമായി
സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

# പുതിയ പുലരിയും കാത്ത്

റസാഖ് മലോറം[1]



പറഞ്ഞു തീരട്ടെ, അതിന്നു മുമ്പെയീ
നിറഞ്ഞ വാക്കിനോടെതിർത്തുരയ്ക്കയോ?
കരഞ്ഞു തീരട്ടെ ;അതിന്നു മുമ്പെയീ
നിറഞ്ഞ കണ്ണിനെ എറിഞ്ഞുടയ്ക്കയോ?

അരുതേ യുവത്വമേ നാടിനെക്കാക്കേണ്ട
പൊരുതി മരിക്കേണ്ട ധീരരേയിസ്ഥിതി
ഇതെന്തു മൗനമാണിതെന്തലംഭാവ-
മിതെന്തു ക്രൂരത ഇതിലാപതിക്കയോ

ഇമ ചിമ്മുവാൻ പോലുമില്ലിനി സമയമി
ന്നത്രയും ഭീതിതം കാലത്തിനുൾത്തടം
വിരിവാർന്ന മാറുമീ വിറയാത്ത കൈകളും
എതിരായിടട്ടെയിന്നിജ്ജീർണ്ണ വീഥിയിൽ

തീവ്രവാദാഗ്നിയിൽ ഭീകരക്കുറ്റിന്റെ
മൂശകൾ നിത്യം ജനിക്കുന്നു ചുറ്റിലും
ഇത്തിരി നെട്ടത്തിലീയാംപാറ്റ പോൽ
ഒത്തിരി ജൻമങ്ങളൊന്നിച്ചൊടുക്കിയും

മദ്യം മയക്കിന്റെ ലഹരിക്കടിപ്പെട്ട്
മതിമറക്കും ദൃശ്യവലയിൽ അകപ്പെട്ട്
നാവും കുഴഞ്ഞിട്ട് തലയും കുനിച്ചിട്ട്
നാടിന്നു ശാപമായ് ത്തീരുന്നു കോലങ്ങൾ

വിത്തം ലഭിക്കണം പത്തുപേർ ചാകിലും
വിത്തിടാൻ മെയ്യനക്കാത്തൊരീ യൗവനം
ആർത്തിപൂണ്ടുള്ളൊരീ ക്രൂര നഖങ്ങളാൽ
വേർപ്പൊഴുക്കാതെ കവരുന്ന ഭൗതികം

1 സ്കൂളിലെ മലയാളം അധ്യാപകനും വാഗ്മിയും കൗൺസിലറും പുതുപ്പാടി മലോറം സ്വദേശിയുമാണ്.

പാരം തപിച്ചൊരീപ്പാരിനെ യോരാതെ
പ്രായം പിടിച്ചൊരീ മർത്ത്യരെക്കാണാതെ
മതാന്ധരായ് അന്യ മനസ്സുമാനിയാ
തൊതുക്കിടേണമോ ഉദാത്ത ജീവിതം

ഹൃദയം മിടിക്കുമീ നെഞ്ചകക്കൂട്ടിൽ നി
ന്നുദയമെടുക്കട്ടെ സുപ്രഭാതം
ദുരിതാന്ധകാരഗിരി താണ്ടിനാമെത്തുന്ന
സുഖദമാമൊരു നവ്യ പൊൻ പ്രഭാതം...

# വിജയോൽസവം(വിജയം 2019)



## കെ വി അബ്ദുൽ മജീദ്

താമരശ്ശേരി ഗവ. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ മലയോര മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രധാനപേപെട്ട സർക്കാർ വിദ്യാലയമാണ്. ഏതാണ്ട് 10 ഏക്കർ സ്ഥലത്ത് വ്യാപിച്ച കിടക്കുന്നവക്യാമ്പസിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസു വരെ പഠിക്കുവാനവസരമുണ്ട്. കൂടാതെ വോക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ, ഐ എച്ച് ആർ ഡി കോളേജ് എന്നിവയും ഈ ക്യാമ്പസിൽ തന്നെയുണ്ട്. എൽ കെ ജി മുതൽ പി.ജി വരെ പഠിക്കുവാനുള്ള അവസരം നൽകുന്ന ഈ മഹത്തായ സ്ഥാപനം താമരശ്ശേരി-കൊയിലാണ്ടി സംസ്ഥാന പാതയോരത്ത് കോരങ്ങാട്ടാണ് നിലകൊള്ളുന്നത്. താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ പ്രധാനപ്പെട്ട സർക്കാർ വിദ്യാലയമാണ് ഇത്. ഭിന്ന ശേഷിക്കാർക്കുള്ള വിദ്യാഭ്യാസ ജില്ലാ കേന്ദ്രവും സ്കൗട്ട് & ഗൈഡ്സ് വിദ്യാഭ്യാസ ജില്ലാ കേന്ദ്രവും ഈ ക്യാമ്പസിൽ തന്നെയാണ് നിലകൊള്ളുന്നത്.

ഹൈസ്കൂൾ വിഭാഗത്തിൽ എസ് എസ് എൽ സി പരീക്ഷക്ക് എല്ലാ വർഷവും ഉന്നത വിജയം ഈ സ്ഥാപനത്തിൻെറ മുഖമുദ്രയാണ്. 2018 മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ 19 ഫുൾA+ ഉം 98% വിജയവും ഈ വിദ്യാലയത്തിൻെറ നേട്ടമ്ണ്. എല്ലാ വർഷവും നടത്തി വരാറുള്ള വിജയോൽസവം പരിപാടിയിലൂടെ വിദ്യാർഥികൾക്ക് ഉന്നത നിലവാരത്തിലെത്താനുള്ള പദ്ധതികളാണ് പി.ടി.എ യുടെ സഹകരണത്തോടെ ആസൂത്രണം ചെയ്ത് വരുന്നത്.

ഈ വർഷം വിജയം 2019 എന്നാണ് ഈ പദ്ധതിക്ക് നാമകരണം ചെയ്തിട്ടുള്ളത്.ജൂൺ മാസം മുതൽക്കു തന്നെ ഈ പദ്ധതി നനടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.




## പദ്ധതികൾ

### മോണിംഗ് ക്ലാസുകൾ

വെള്ളിയാഴ്ച്ച ഒഴികെയുള്ള ദിവസങ്ങളിൽ ഒമ്പത് മണി മുതൽ ക്ലാസാരംഭിക്കുന്ന ഒരു രീതിയാണിത്.

രാവിലെ ഒരു മണിക്കൂർ അധിക സമയം വിദ്യാർഥികൽക്ക് ഈ വഴി ലഭിക്കുന്നു. മുൻ ക്ലാസുകളിൽ പഠിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ആണ് ഈ സമയം ഉപയോഗപ്പെടുത്തുന്നത്.

## ഈവനിംഗ് ക്ലാസുകൾ

സ്കൂൾ സമയത്തിനു ശേഷം 3-45 മുതൽ 4-30 വരെയുള്ള സമയമാണ് ഇതിനുപയോഗപ്പെടുത്തുന്നത്. ഓരോ ക്ലാസിലും ആറ് പഠനക്കൂട്ടങ്ങൾക്ക് ജൂൺ മാസം തന്നെ രൂപം കൊടുത്തിട്ടുണ്ട്. ക്ലാസിലെ മികച്ച കുട്ടികളാണ് ഇതിന്റെ നേതൃസ്ഥാനത്തുള്ളത്. ഓരോ ദിവസവും ഒരു വിഷയം തീരുമാനിക്കുകയും അധ്യാപകരുടെ മേൽ നോട്ടത്തിൽ ഗ്രൂപ്പുകൾ പഠനം നടത്തുകയും ചെയ്യുന്നു. വിദ്യാർഥികളുടെ ഗ്രേഡ് പടിപടിയായി ഉയർത്തിക്കൊണ്ടു വരാൻ ഈ രീതി സഹായകരമാവുന്നു.

## കുട്ടിട്ടീച്ചർമാർ

വിജയം 2019 ന്റെ മികച്ച ഒരു പഠന തന്ത്രമായിട്ടാണ് ഇത് പരീക്ഷിക്കപ്പെട്ടതും വിജയിച്ചതും. ഉച്ച സമയത്തെ അര മണിക്കൂർ സമയമാണ് ഇതിനുപയോഗിക്കുന്നത്. ഓരോ ദിവസവും ഒരു കുട്ടി അന്ന് ക്ലാസിൽ പഠിച്ച ഒരു വിഷയംത്തെക്കുറിച്ച് ക്ലാസെടുക്കുന്ന രീതിയാണിത്.

## യൂണിറ്റ് ടെസ്റ്റ് / മിഡ്ടേം പരീക്ഷ

ഒരോ യൂണിറ്റും തീർന്നു കഴിഞ്ഞാൽ അദ്ധ്യാപകർ തന്നെ തയാറാക്കിയ ചോദ്യപ്പേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്തുന്ന രീതിയാണിത്. അതുപോലെ വിവിധ കമ്പനികളിൽ നിന്നും ലഭ്യമാകുന്ന പ്രിൻറഡ് ചോദ്യപ്പേപ്പർ ഉപയോഗിച്ച് മിഡ് ടേം പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നു.ഇതിലൂടെ കുട്ടികൾക്ക് വിവിധ രീതിയിലുള്ള ചോദ്യങ്ങൾ പരിചയപ്പെടാനും ടേം പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കാനും കഴിയുന്നു.

## ക്ലാസ് പി.ടി.എ



മിഡ്ടേം, ടേം പരീക്ഷകൾ കഴിയുമ്പോൾ രക്ഷാകർത്താക്കളുടെ ക്ലാസ് തല യോഗം വിളിച്ച് ചേർത്ത് കുട്ടികളുടെ പഠന നിലവാരം ബോധ്യപ്പെടുത്താൻ ഇതുമൂലം

സാധിക്കുന്നു. അവരുടെ മുമ്പിൽ വച്ച് മികച്ച വിജയം നേടിയ കുട്ടികൾക്ക് ഉപഹാരം നൽകി ആദരിക്കുകയും ചെയ്യുന്നു.ഈ യോഗങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഞങ്ങൾക്ക് പ്രേരണ നൽകുകയും ചെയ്യുന്നു. ക്ലാസ് തല യോഗം കഴിഞ്ഞാൽ രക്ഷാകർത്താക്കളെ ഒന്നിച്ചിരുത്തി മോട്ടിവേഷൻ ക്ലാസുകളും നൽകാറുണ്ട്.

## നൈറ്റ് ക്ലാസുകൾ

ഓരോ പീക്ഷ കഴിയുമ്പോഴും മികച്ച കുട്ടികളെ കണ്ടെത്തി അവരെ മുഴുവൻ എ പ്ലസിലേക്ക് എത്തിക്കുവാനുള്ളള ഒരു പദ്ധതിയാണിത്. പ്ലാറ്റിനം ഗ്രൂപ്പ് എന്നാണ് ഇത് അറിയപ്പെടുന്നത്. വൈകുന്നേരം 4-30 മതൽ രാത്രി 8 മണിവരെയാണ് ക്ലാസ് നടക്കുന്നത്. സ്കൂളിലെ അദ്യാപകർക്ക് പുറമെ മറ്റു വിദഗ്ധരായ അധ്യാപകരുടെ ക്ലാസും കുട്ടികൽക്ക് ലഭിക്കുന്നു. രക്ഷിതാക്കളുടെ നിസ്സീമമായ സഹകരണം ഈ പദ്ധതിക്കുണ്ട്.തുടർന്ന വരുന്ന പരീക്ഷകളിൽ ഇതിന്റെ പ്രതിഫലനം കണ്ടുവരുന്നുണ്ട്. വളരെ പിന്നാക്കക്കാരായ കുട്ടികൾക്കും ഈ രീതി നടപ്പിലാക്കി വരുന്നുണ്ട്.



## വിജയം 2019 ക്യാമ്പ്

അർദ്ധ വാർഷികപ്പരീക്ഷക്കു ശേഷം ജനുവരി മാസം മുതൽ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്. നിലവിൽ പത്താം ക്ളാസിൽ എട്ട് ഡിവിഷനുകളാണുള്ളത്. വിദ്യാർഥികൾക്ക് പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രേഡുകളാക്കിത്തിരിക്കുകയും അതിനനുയോജ്യമായ രീതിയിൽ ക്ലാസുകൽ നൽകുകയും ചെയ്യുന്നു. താഴ്ന്ന ഗ്രേഡുകളിലുള്ള കുട്ടികളെ ഉയർന്ന ഗ്രേഡിലെത്തിക്കാൻ ഇത്തരം രീതി കൊണ്ട് കഴിയുന്നു. രാവിലെ 8-30 മുതൽ വൈകുന്നേരം 3-30 വരെ 4 പിരീഡുകളായാണ് ക്ലാസുകൾ നടക്കുന്നത്. അദ്ധ്യാപകർക്ക് ക്ലാസുകൾ കൈകാര്യം ചെയ്യാൻ കൂടുതൽ സമയം ഇതുമൂലം ലഭിക്കുന്നു. വിദ്യാർഥികൾക്ക് പത്തു മണിക്കു പ്രഭാത ഭക്ഷമവും നൽകി വരുന്നുണ്ട്.ഓരോ ദിവസവും ഒരു ക്ലാസിൽ നിന്നും രക്ഷിതാക്കൾ പങ്കെടുത്ത് ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുന്നു.

## മോട്ടിവേഷൻ ക്ലാസുകൾ

വിദ്യാർഥികൾക്ക് ജൂൺ മാസത്തിലും പിന്നീട് ഓരോ ടേം പരീക്ഷക്ക് മുമ്പും വിദഗ്ധരെ ഉപയോഗപ്പെടുത്തി മോട്ടിവേഷൻക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. രക്ഷിതാക്കൾക്കും പിന്നാക്കക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യകിച്ചും ഇത്തരം ക്ലാസുകൾ നടത്തിവരുന്നുണ്ട്. അതുപോലെ പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക കൗൺസിലിംഗം നൽകുന്നത് അവരുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നു..

## ഗൃഹ സന്ദർശനം

ആഗസ്റ്റ് മാസത്തോടുകൂടി ക്ലാസധ്യാപകർ കുട്ടികളുടെ ഗൃഹ സന്ദർശനം ആരംഭിക്കുകയും ഓരോ കുട്ടിയേയും വ്യക്തിപരമായി പഠിക്കുകയും ചെയ്യുന്നു.അതു കൂടാതെ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അധ്യാപകരുടെ സംഘം ഗൃഹസന്ദർശനം നടത്തുകയും കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## വിജയലക്ഷ്യം 100%

വിജയം 2019 എസ് എസ് എൽ സി പരീക്ഷയിൽ ഈ വർഷം നൂറ് ശതമാനം വിജയമാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള എല്ലാ മന്നൊരുക്കങ്ങളും നടത്തിയിട്ടുണ്ടെന്ന് ഞങ്ങൾ ഉറച്ച് വ്ശ്വസിക്കുന്നു. പ്രധാനാധ്യാപിക, അധ്യാപകർ, കുട്ടികൾ , രക്ഷിതാക്കൾ പി ടി എ- എല്ലാവരും ഇതിനായ് തോളോട്ട തോൾ ചേർന്ന് പരിശ്രമിച്ചു വരുന്നു. എല്ലാ വിദ്യാര്ഥികൾക്കും വിജയാശംസകൾ നേരുന്നു.



# പെണ്ണ്

അഞ്ജനാ മോഹൻ 9 എ



പെണ്ണ് എന്ന വർഗ്ഗം
കൂട്ടിലടയ്ക്കപ്പെടുന്നു
വേദനകൾ കടിച്ചമർത്തി
ജീവിക്കുന്നവൾ
എവിടേയും ഭീതിതൻ പ്രവൃത്തികൾ
പകലിനെ, രാത്രിയെ പേടിക്കുന്നവൾ
ചെറു ഇലയനക്കത്തെ പേടിക്കുന്നവൾ
സ്വതന്ത്രമായ് ജീവിക്കാൻ
കൊതിക്കുന്നു മാനസം.
കളിയില്ല....... ചിരിയില്ല ......
എല്ലാം ആണിനു സ്വന്തം.
ഇന്നവൾ പ്രാപ്തയാണ് ലോകം ചുറ്റാൻ
നല്ലൊരു നാളേക്കായ് ഉയർത്താം
അവളുടെ അന്തസ്സിനെ
അഭിമാനത്തെ



## പ്രളയം 2018



ഗൗരി പ്രിയ 10 എ

# നവ കേരള സൃഷ്ടി- എൻറെ ഭാവനയിൽ

## ആദിത്യ 10 ബി



1956 നവംബർ ഒന്നിന് കേരളം പിറവിയെടുത്തു. എത്ര സുന്ദരമാണ് നമ്മുടെ കേരളം. മലയാളത്തനിമയോടു കൂടിയ മനുഷ്യർ. ഇതിനിടയിൽ ദുരന്തമായെത്തിയ പ്രളയം. സമൃദ്ധിയുടെ ഓണക്കാലമായിരുന്നല്ലോ അന്ന്. വളരെയേറെ പ്രയാസത്തിലായിരുന്ന ഒരു കൂട്ടംജനങ്ങൾ- ആ കാര്യങ്ങളെല്ലാം ഏവർക്കും അറിയാമല്ലോ. എന്നാലിപ്പോൾ ഒരു പുതിയ കേറളത്തെയാണ് നാം സ്വപ്നം കാണുന്നത്. കേരളത്തിൽ ജനിച്ച വളർന്നുഎന്ന പറയുന്നതിൽ തന്നെ അഭിമാനമുണ്ടാവുമല്ലോ ഓരോ മലയാളിക്കും.

നമ്മുടെ കേരളം പണ്ടത്തെ കേരളത്തിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നമുക്കോരോരുത്തർക്കും അറിയാമല്ലോ. ഏതു കാര്യത്തിലും നാം വികസിത രാജ്യങ്ങളോടൊപ്പമാണുള്ളത്. കേരളം വളരെ മാറിയിരിക്കുന്നു. ഹരിത കേരളത്തെ ഇപ്പോൾ മലിന കേരളമാക്കിയിരിക്കുന്നു ക്രൂരൻമാരായ ചിലമനുഷ്യർ. വയൽ നികത്തൽ, കുന്നിടിക്കൽ, പുഴകളിലും തോടുകളിലും മാലിന്യം നിക്ഷേപിക്കൽ, വന നശീകരണം- തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഹരിതകേരളം നശിച്ചുകൊണ്ടിരിക്കുകയാണ്. നാം തന്നെയാണ് ഇതിനൊക്കെ ഉത്തരവാദികൾ. ഹരിത കേരളത്തെ സംരക്ഷിക്കേണ്ടത് നാം തന്നെയാണ് എന്ന ബോധം നമുക്കോരോരുത്തർക്കും ഉണ്ടാവണം.

എൻെറ കേരളം ഹരിത കേരളമാണ്. ഉറവ വറ്റാത്ത ധാരാളം തോടുകളും പുഴകളും, നെൽ വയലുകളും, ഇടതൂർന്ന വനങ്ങളും, പച്ചപ്പുള്ള ഗ്രാമങ്ങളും, മാലിന്യ മുക്തമായ പരിസരവും ഉള്ള കേരളം. മനുഷ്യ നിർമ്മിതമായ ഒരു കേരളമല്ല നമുക്കു വേണ്ടത്. സ്വാഭാവികവും സുന്ദരവുമായ കേരളമാണ് എൻെറ സ്വപ്നം.

# ഒരൊറ്റ ജനത

അബിന ബി എസ്  9 എ



പെയ്യുന്നു മഴ, കരയുന്നു കേരളം
പെയ്യട്ടെ മഴ, പഠിക്കട്ടെ കേരളം
കൈകാലിട്ടടിക്കുന്ന വെള്ളത്തിൽ
ഒരു പൈതലേ പ്പോലെ
അമ്മിഞ്ഞ തിരയുന്ന കുഞ്ഞിനെപ്പോലെ
കൈകൾ തിരയുന്ന മനുഷ്യനെ

ചലിക്കുകയായ് കൈകൾ രക്ഷക്കായ്
തുടിക്കുകയായാ ഹൃദയം നന്മക്കായ്
അവർ അന്യരല്ല, അവർ അന്യരല്ല
ഒരേ രക്തമോടുന്ന സിരകളിൽ

ഒരേ രക്തം .... ഒരേ ജലം
ഒരേ ഭാഷ ..... ഒരേ വേഷം
ഒരേ നാമം ..... കേരളീയർ
പിന്നെനതിന് വിഭജനം
പണക്കാരനും പാവപ്പെട്ടവനും
എല്ലാമറിഞ്ഞു
എല്ലാം പഠിപ്പിച്ചു പ്രകൃതി

വേദനിപ്പിച്ചു നാം പ്രകൃതിയെ
അവൾ സഹിച്ചു ഭൂമിയോളം
അമ്മയോളം

അടിച്ചു തിരിച്ചടിച്ചു
ആ ഒരൊറ്റടിയിൽ വീണുപോയ്
ഒരു ജനത -കേരള ജനത

അഞ്ച് ദിനരാത്രങ്ങളിൽ

കേരളം അറിഞ്ഞു
എന്താണ് മനുഷ്യത്വം
എന്താണ് നൻമ
രണ്ടു കരങ്ങൾ രതിനായിരം
ധീര ഹസ്തങ്ങളായ് മാറി
നന്മയുടെ പൂക്കൾ വിരിഞ്ഞു
ആ ഹസ്തങ്ങളിൽ പിടിച്ച
ഓരോ ജീവനും സ്നേഹമെന്തെന്നറിഞ്ഞു

കേരളം നിന്നു ധൈര്യ സമേതം
ഒരുമയോടെ അതിജീവനത്തിനായ്
പതറാതെ
നമുക്ക് മുന്നോട്ട് കുതിക്കണം
ജാതി മത വർണ വ്യത്യാസമില്ലാതെ
ഹിന്ദുവോ ക്രിസ്ത്യാനിയോ മുസൽമാനോ
ഉള്ളവനോ ഇല്ലാത്തവനോ
എന്ന വ്യത്യാസമില്ലാതെ
ഒരുമിച്ച്
ഒരു പുത്തൻ കേരളത്തിനായ്

# കവിത

## സി പി എസ്



വെട്ടിയും തിരുത്തിയും
പലകുറി
എഴുതിയതൊക്കെയും
നിനിന്നെക്കുറിച്ചായിരുന്നു
പാവാട ഞൊറികളിൽ
പ്രാസവും
പാദസര കിലുക്കത്തിൽ
നിൻെറ
പദഭംഗിയും
വടിവൊത്ത
ലിപികളുടെ
മേനിയഴകും
ഞാനൊന്നു
തൊട്ടാൽ
വിരിയുന്നു
താളവും
വിശപ്പിനു വറ്റ്
കിടക്കാനരിമണ്ണ്
തിരയുന്ന ബോധം
എന്നിട്ടുമെന്തേ
സമയമായില്ലെന്നു
പ്രസാധകർ
തിരിച്ചയക്കുന്നു
നിത്യവും.

# കണ്ണീർ മഴ

## അഞ്ജന മോഹൻ



മിഴികൾ നനയവെ
അടരും മാനസം
കനവായി നിനവായി
പറയാതെ നീ പോയില്ലേ
അനന്ത സാഗരം പോൽ
കണ്ണീർ ഒഴുകവെ
കണ്ണീർ മഴയിൽ
എന്നും ഒറ്റക്കായിരുന്ന ഞാൻ
സൗഹൃദ വലയങ്ങളില്ലാ ജീവിതം
സന്തോഷമില്ലാ ജീവിതം
അകറ്റി എന്നെ പലതിൽ നിന്നും
ക്ഷമിച്ച ഞാൻ പലവട്ടം
കലിചിരിയില്ലാതെ
ഗിനങ്ങൾ അകന്നു പോയ്
ആ ഓർമ്മയിൽ
എന്നും കണ്ണീർക്കിനാക്കളായ്
ദുഖങ്ങളിൽ വേദനയില്ലാതെ
വീഴ്ചയിൽ പതറാതെ
എന്നും ഉറച്ച നിന്നു ഞാൻ
മടുത്തു ജീവിതം
മരണം പടിവാതിൽക്കൽ
മനസ്സിതാ മന്ത്രിക്കുന്നു
അരുത് മക്കളേ അരുത്
ജീവിതമാകുന്ന വെള്ളക്കുമിളകൾ
അനശ്വരമായ്ത്തീരുന്നു
നശ്വരം നശ്വരം ജീവിതം
ജീവിതം കണ്ണീർ മഴയായിരുന്നു
തോരാത്ത മഴ
താളമില്ലാ രാഗമില്ലാ
മൂകമാം ജീവിതം
കിനാവുകൾ പലതും കമ്മീരായ്

പറയാതെ നീ പോയില്ലേ
ഒരു വാക്കുമിണ്ടാതെ
പറയൂ സഖീ
എൻ കിനാവിൻെറ അർത്ഥം
അകലുമ്പോൾ സ്നേഹിക്കുന്ന ഞാനേറെ
അടുക്കമ്പോഴും
മനസ്സാകുന്ന ആഴങ്ങളിൽ
കമ്ണീർക്കിനാക്കളായി
മാനസം എരിയുന്നു
സ്നേഹത്തിനായ്

# മഴ വർണങ്ങൾ

## ഫാത്തിമ നിയ 7 എ



ഈ മഴ വർണങ്ങളിൽ
തുളുമ്പിടും തുള്ളികൾ
നനയുവാൻ കൊതി തോന്നിടും
വറ്റി വരണ്ട വേനലിൽ
മഴ പെയ്തിറങ്ങുമ്പോൾ
ആ സുഗന്ധം അതി മനോഹരം

ഈ തണുത്ത മഴയിൽ
കുളിർക്കാറ്റ് വീശിപ്പറക്കും
ഭയപ്പെടുത്തുന്ന ഇടിമിന്നലുകൾ
പുഴകളും തോടുകളും വയലുകളും
നിറഞ്ഞിടുമീ മഴയിൽ
തോണികളുണ്ടാക്കി
അതിനു പിന്നാലെ ഓടും കുട്ടികൾ
എനിക്കും മോഹം
മഴയത്ത് നൃത്തച്ചുവടുകൾ
വയ്ക്കാൻ.

# വിധിയുടെ വിളയാട്ടങ്ങൾ

## ഫിന ഫാത്തിമ വി കെ (9 A)



ജീവിതത്തിൻെറ ഓർമ്മകളിൾ എനിക്ക് കണ്ണീർക്കിനാക്കൾ മാത്രം
ആരോടും പറയാതെ ആ കണ്ണീർ കിനാക്കൾക്ക്
എൻെറ ജീവിതത്തിൻെറ വിലയുണ്ട്
എന്നാൽ ചില കിനാക്കൾ എന്നും മായാതെ
എൻെറ ഉള്ളിൽ ഇന്നും ജ്വലിക്കുന്നു.

ഞാൻ വളർത്തിയെടുത്ത എൻെറ സ്വപ്നങ്ങളെല്ലാം
വെറും കണ്ണീർക്കിനാക്കളായ് മാറി
ആ കണ്ണീർമഴയിൽ എന്നും ഒറ്റക്കായിരുന്നു
ഞാൻ....

എല്ലാം സഹിക്കാൻ ഞാൻ മാത്രം
പക്ഷേ നീ എൻെറ കൂടെയുണ്ടാവുമെന്നു കരുതി
വിധി നിന്നെയും കൊണ്ടു പോയ്
എന്നെ തനിച്ചാക്കി എന്നെ മാത്രം .....

വിധിയെ തടുക്കാൻ കഴിയില്ലെന്നറിഞ്ഞിട്ടും
നിനക്ക് വേണ്ടി ഞാൻ വിധിയോടു പൊരുതി
നീയുണ്ടെങ്കിൽ എൻെറ നൊമ്പരത്തിൽ
പങ്കു ചേരാനൊരാളുണ്ടാകുമായിരുന്നു
നീ പോയപ്പോൾ ബാക്കി കണ്ണീർക്കിനാക്കൾ
വെറും കണ്ണീർക്കിനാക്കൾ മാത്രം.

# വിഷാദമീ മനസ്സ്

വിസ്മയ സുരേഷ് (8C)



പിരിയുന്ന കൂട്ടുകാർ നമ്മൾ
പിരിയാത്ത നന്മയോടെ
നൊമ്പരങ്ങളും കണ്ണിമ
തേടും കണ്ണീർപ്പൂക്കളും

കണ്ണീർപ്പൂക്കളാൽ എന്നെത്ത-
ലോടുമ്പോൾ സ്വപ്നത്തിൽ
വന്നെന്നോടു ചൊല്ലുന്ന
സ്നേഹമാം വാൽസല്യമാണെന്നമ്മ.

സന്താനമില്ലാത്ത ദു:ഖത്തിനിടയിൽ
ഞാൻ എന്നമ്മയെക്കാണാൻ ജനിച്ചു
അമ്മയുടെ കരിമിഴിയായ് വളരും മുമ്പെയാ
ആർത്ത സ്വരം ഞാൻ കേട്ടു.

ഇനിയൊരിക്കലും കാണാൻ
കഴിയില്ലെങ്കിലും നൊമ്പരക്കാഴ്ചയിൽ
കാണുന്ന കിനാവുകൾ
അലിഞ്ഞൊഴുകിയൊലിക്കും നിരാശ

കാലക്കെടുതി വർഷത്തിൽ
പെയ്യുന്നതെൻ അമ്മയുടെ
കണ്ണീരോ പൊട്ടിച്ചിരിയോ
അതോ പരന്റെ പരീക്ഷണമോ.

വിസ്മയക്കാഴ്ചകൾ കാണുമ്പോഴും
എരിതീയിൽ എണ്ണയൊഴിക്കും പോലെ
എൻ മിഴികൾ നിറയുന്ന
കലാലയ മുറ്റത്തെ സംഗീതമായ്.

# പുനർ ജന്മം

## സുമിത ശിവാനന്ദൻ



കടന്ന പോയ ബാല്യത്തിൻെറ ഇടവഴികൾ
വിജനമായ് കിടക്കുന്നു.
അലസമായ് മണ്ണിൽ ചേർന്നു കിടക്കുന്ന
നന്ത്യാർവട്ട പൂക്കളില്ലാതെ
കൈകോർത്തൊരുമിച്ചു നടക്കാൻ
നീയും ഞാനുമില്ലാതെ
ഇന്നലെകൾ മാത്രം നിറയുന്ന ചിന്തകൾ
നാളെയെന്ന സ്വപ്നമില്ലാതെ
നാളെയ്ക്ക് ഒരു ജൻമത്തിൻെറ ദൂരമുണ്ട്
പുനർജന്മത്തിൽ
നമുക്ക് വീണ്ടും നമ്മളായ് പിറക്കാം
ചിതറിയ സ്വപ്നങ്ങളെ പെറുക്കിയെടുക്കാം
നനഞ്ഞ വയൽവരമ്പിലൂടെ
തുമ്പികളെപ്പോലെ പറക്കാം
തണുത്ത അമ്പലമുറ്റത്തെ വലം വെച്ച്
നമുക്ക് വീണ്ടുമൊന്നായിരിക്കാം






2018-19 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ